**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1306** **07-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇതുവരെ നടത്തിയ നടപടികൾ വിശദമാക്കാമോ; | (എ) | സ്കൂൾ തുറക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തിവരുന്നു. വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി , അംഗീകൃത അധ്യാപക സംഘടനകൾ , യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / മേയർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രി തലത്തിൽ പ്രത്യേകം പ്രത്യേകം ചേരുകയും ടി യോഗങ്ങളിലെ തീരുമാനങ്ങൾ അനുസരിച്ച് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരികയുമാണ്.കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ/ എസ്.എം.സി, യുവജന സംഘടനകൾ, അധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തന ങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം,തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വാക്സിനേഷൻ നൽകൽ, അണുനശീകരണം, കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും ഫിറ്റ്നസ് പരിശോധന എന്നിവ നടത്തിയിട്ടുണ്ടോ; | (ബി) | 09/09/2021ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ അധ്യാപക/അനധ്യാപക ജീവനക്കാരിൽ 93.39% ഒരു ഡോസ്/ 2 ഡോസ് വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു . സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ഒക്ടോബർ 20നകം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് സ്കൂളിലെത്തി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഈ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾ തുറക്കുന്നത് മൂലം വർദ്ധിക്കാൻ സാധ്യതയുള്ള കോവിഡ് വ്യാപനം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ; | (സി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യ വകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യ സുരക്ഷ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കരട് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | അദ്ധ്യാപകരുടെ കോവിഡ് ഡ്യൂട്ടി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ